**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയം ഭരണ വകുപ്പ് - പുതിയ പഞ്ചായത്തുകളുടെയും നഗരസഭകളുടെയും രൂപീകരണം, അതിർത്തി പുനർ നിർണ്ണയം, പദവി ഉയർത്തൽ എന്നിവ പരിശോധിച്ച് ശുപാർശകൾ സമർപ്പിക്കുന്നതിനായി രൂപീകരിച്ച കമ്മിറ്റിയുടെ പ്രവർത്തന കാലാവധി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

==================================================================

**തദ്ദേശ സ്വയംഭരണ (ഇ.എം.) വകുപ്പ്**

സ.ഉ.(സാധാ) നം.1180/2018/തസ്വഭവ    തിരുവനന്തപുരം, തീയതി, 25.04.2018.

==================================================================

പരാമർശം: 1) 28.03.2018 -ലെ സ.ഉ.(സാധാ) നം.877/2018/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്.

2) 21.04.2018-ലെ പ്രിൻസിപ്പൽ ഡയറക്ടറുടെ ജെ3-11747/2018 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പുതിയ പഞ്ചായത്തുകളുടെയും നഗരസഭകളുടെയും രൂപീകരണം, അതിർത്തി പുനർ നിർണ്ണയം, പദവി ഉയർത്തൽ എന്നിവ സംബന്ധിച്ച ശുപാർശ സമർപ്പിക്കുന്നതിനായി പരാമർശം-1 പ്രകാരം രൂപീകരിച്ച കമ്മിറ്റിയുടെ പ്രവർത്തന കാലാവധി 10.05.2018 ൽ അവസാനിക്കുകയാണ്. എന്നാൽ തദ്ദേശസ്ഥാപനങ്ങളെ സംബന്ധിച്ച വിവരശേഖരണം നടത്തുന്നതിനും ആയത് പരിശോധിച്ച് പുതിയ ഗ്രാമപഞ്ചായത്തുകളും നഗരസഭകളും രൂപീകരിക്കുന്നതിന്റെ മാനദണ്ഡങ്ങൾ നിശ്ചയിച്ച് ആയതിന്റെ അടിസ്ഥാനത്തിൽ ശുപാർശകൾ സമർപ്പിക്കുന്നതിനും കൂടുതൽ സമയം ആവശ്യമാണെന്ന് കമ്മിറ്റി വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ കമ്മിറ്റിയുടെ പ്രവർത്തന കാലാവധി രണ്ടുമാസത്തേക്കു കൂടി ദീർഘിപ്പിച്ചു നൽകണമെന്ന് കമ്മിറ്റി അധ്യക്ഷനായ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം-2 പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

മേൽ സാഹചര്യത്തിൽ പുതിയ പഞ്ചായത്തുകളുടെയും നഗരസഭയുടെയും രൂപീകരണം, അതിർത്തി പുനർ നിർണ്ണയം, പദവി ഉയർത്തൽ എന്നിവ പരിശോധിച്ച്

അതിനനുസൃതമായ ശുപാർശകൾ സമർപ്പിക്കുവാനുമായി രൂപീകരിച്ച കമ്മിറ്റിയുടെ പ്രവർത്തന കാലാവധി 2 മാസത്തേക്ക് കൂടി ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**സിന്ധു എൽ.**

**സ്പെഷ്യൽ സെക്രട്ടറി**

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ചീഫ് ടൗൺ പ്ലാനർ,തിരുവനന്തപുരം
ഡയറക്ടർ, കില
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ